ഭരണഭാഷ - മാതൃഭാഷ

കേരള സർക്കാർ

നം.19/ജി1/2020/നി.വ.

നികുതി (ജി) വകുപ്പ്
തിരുവനന്തപുരം, തീയതി, 26/03/2020

ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി

എക്സൈസ് കമ്മീഷണർ,
തിരുവനന്തപുരം.

സർ,

വിഷയം - നികുതി വകുപ്പ് - എക്സൈസ് – സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന FL-3, FL-11 ലൈസൻസ് സ്ഥാപനങ്ങളുടെ ലൈസൻസ് 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് പുതുക്കി നൽകുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന – 25/03/2020 ലെ എക്സൈസ് കമ്മീഷണറുടെ EXC/390/19/XC6 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കൊറോണ വൈറസ് വ്യാപനവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാനത്ത് ഇപ്പോൾ നിലനിൽക്കുന്ന ലോക്ക്ഡൗൺ മൂലം 2019-20 സാമ്പത്തിക വർഷത്തിൽ ക്ലാസ്സിഫിക്കേഷൻ അവസാനിക്കുന്ന സ്റ്റാർ ഹോട്ടലുകളുടെ ക്ലാസ്സിഫിക്കേഷൻ യഥാസമയം പുതുക്കി ലഭിക്കാൻ സാധ്യതയില്ലാത്ത കാര്യം സർക്കാർ പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചു വരുന്ന FL-3, FL-11 ലൈസൻസ് സ്ഥാപനങ്ങളിൽ ക്ലാസ്സിഫിക്കേഷൻ സർട്ടിഫിക്കറ്റ് പുതുക്കി ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച ഹോട്ടലുകൾക്ക് 2020-21 സാമ്പത്തിക വർഷത്തിൽ 3 മാസത്തിനകം ക്ലാസ്സിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം എന്ന വ്യവസ്ഥയിൽ, ലൈസൻസ് പുതുക്കുന്ന തീയതി മുതൽ 3 മാസത്തേയ്ക്ക് FL-3, FL-11 ലൈസൻസ് പുതുക്കി നൽകാവുന്നതാണ്. കൂടാതെ, 2020-21 സാമ്പത്തിക വർഷത്തിൽ FL-3, FL-11 ലൈസൻസുകൾ പുതുക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്ന സ്റ്റാർ ഹോട്ടലുകൾക്ക് KAWWF (കേരള അബ്കാരി വർക്കേഴ്സ് വെൽഫയർ ഫണ്ട്) ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് ലൈസൻസ് പുതുക്കുന്ന തീയതി മുതൽ 3 മാസത്തെ സമയം അനുവദിക്കാവുന്നതുമാണ്.

വിശ്വസ്തതയോടെ,

ശ്യാം.വി
അണ്ടർ സെക്രട്ടറി
ഗവ. അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ